സൂറഃ-8

# അൽ അൻഫാൽ

وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ وَلِتَطْمَئِنَّ بِهِۦ قُلُوبُكُمْ ۚ وَمَا ٱلنَّصْرُ إِلَّا مِنْ عِندِ
ٱللَّهِ ۚ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿١٠﴾

إِذْ يُغَشِّيكُمُ ٱلنُّعَاسَ أَمَنَةً مِّنْهُ وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً لِّيُطَهِّرَكُم
بِهِۦ وَيُذْهِبَ عَنكُمْ رِجْزَ ٱلشَّيْطَـٰنِ وَلِيَرْبِطَ عَلَىٰ قُلُوبِكُمْ وَيُثَبِّتَ
بِهِ ٱلْأَقْدَامَ ﴿١١﴾

**10.** അല്ലാഹു ഈ വാഗ്ദാനം നൽകിയത് ഒരു ശുഭവാർത്തയായിട്ടു തന്നെയായിരുന്നു. അതുവഴി നിങ്ങളുടെ മനസ്സുകൾ ശാന്തമാക്കാനും. എന്നാൽ സഹായമോ, അത് എപ്പോൾ ലഭിച്ചാലും അല്ലാഹുവിങ്കൽനിന്നുതന്നെ ലഭിക്കുന്നതാകുന്നു. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ.

**11.** അവങ്കൽനിന്നുള്ള സമാധാനമായി നിങ്ങളെ ലഘുനിദ്ര പൊതിഞ്ഞതും, നിങ്ങളെ ശുദ്ധീകരിക്കാനും പൈശാചിക ദുഷ്ടുകൾ പോക്കിക്കളയാനും മാനത്തുനിന്ന് മഴ വർഷിച്ചുതന്നതും ഓർക്കുക. അതുവഴി നിങ്ങളുടെ മനസ്സുകൾ ദൃഢമാക്കാനും പാദങ്ങൾ ഉറപ്പിക്കാനും.

وَمَا جَعَلَهُ ٱللَّهُ = അല്ലാഹു അതിനെ ആക്കിയിട്ടില്ല (ഈ വാഗ്ദാനം നൽകിയത്)

إِلَّا بُشْرَىٰ = സുവിശേഷം അല്ലാതെ (സുവിശേഷമായിട്ടു തന്നെയാകുന്നു)

وَلِتَطْمَئِنَّ بِهِۦ قُلُوبُكُمْ = അതുവഴി നിങ്ങളുടെ മനസ്സുകൾ ശാന്തമാകുന്നതിനും

وَمَا ٱلنَّصْرُ = സഹായം ഇല്ല (എന്നാൽ സഹായമാകട്ടെ അത് എപ്പോഴുണ്ടായാലും)

إِلَّا مِنْ عِندِ ٱللَّهِ = അല്ലാഹുവിങ്കൽനിന്നല്ലാതെ (അല്ലാഹുവിങ്കൽനിന്നുതന്നെയാണ് ലഭിക്കുന്നത്)

إِنَّ ٱللَّهَ = നിശ്ചയം അല്ലാഹു  عَزِيزٌ = അജയ്യനാകുന്നു  حَكِيمٌ = അഭിജ്ഞനായ

إِذْ يُغَشِّيكُمُ = അവൻ നിങ്ങളെ പൊതിയുന്ന(ഞ്ഞ)ത് ഓർക്കുക  ٱلنُّعَاسَ = ലഘുനിദ്രയാൽ

أَمَنَةً = സമാധാനമായിട്ട്  مِّنْهُ = അവങ്കൽനിന്നുള്ള  وَيُنَزِّلُ = അവൻ ഇറക്കുന്നതും (വർഷിച്ചതും)

عَلَيْكُم = നിങ്ങളുടെ മേൽ  مِّنَ ٱلسَّمَآءِ = മാനത്തുനിന്ന്  مَآءً = വെള്ളം (മഴ)  لِّيُطَهِّرَكُم = നിങ്ങളെ ശുദ്ധീകരിക്കാൻ

بِهِۦ = അതുകൊണ്ട്  وَيُذْهِبَ عَنكُمْ = നിങ്ങളിൽനിന്ന് പോക്കിക്കളയാനും  رِجْزَ ٱلشَّيْطَـٰنِ = പൈശാചിക ദുഷ്ടുകൾ

وَلِيَرْبِطَ = ദൃഢമാക്കാനും  عَلَىٰ قُلُوبِكُمْ = നിങ്ങളുടെ മനസ്സുകളെ

وَيُثَبِّتَ بِهِ = അതുവഴി സുസ്ഥിരമാക്കാനും, ഉറപ്പിക്കാനും  ٱلْأَقْدَامَ = (നിങ്ങളുടെ) പാദങ്ങൾ

**10:** ഈ സൂക്തം ഇതേ പദങ്ങളിൽ സൂറഃ *ആലുഇംറാൻ* 126-ാം സൂക്തമായി വന്നിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധന*ത്തിൽ അവിടെ നോക്കുക. യുദ്ധസഹായത്തിന് മലക്കുകൾ ഇറങ്ങിവന്നതു സംബന്ധിച്ചും അവിടെ ചർച്ച ചെയ്തിരിക്കുന്നു. ഉഹുദ്‌യുദ്ധം നിരൂപണം ചെയ്തുകൊണ്ടാണ് *ആലുഇംറാനിൽ* ഈ പരാമർശം വന്നത്. അവിടെ 124-ാം സൂക്തത്തിൽ മലക്കുകളുടെ എണ്ണം മൂവായിരം എന്നും 125-ാം സൂക്തത്തിൽ 5000 എന്നും വന്നിട്ടുണ്ട്. അതു രണ്ടും ഉഹുദിലായി

രുന്നു എന്നാണ് പണ്ഡിതന്മാരുടെ പൊതു അഭിപ്രായം. 124-ാം സൂക്തത്തിൽ, മൂവായിരം മലക്കുകൾ ഇറങ്ങുമെന്ന് നബി(സ) ശിഷ്യന്മാരോട് പ്രതീക്ഷ പ്രകടിപ്പിച്ചത് ഉദ്ധരിക്കുകയായിരുന്നു. തുടർന്ന് അയ്യായിരം മലക്കുകളെ തന്നെ ഇറക്കാമെന്ന് അല്ലാഹു നേരിട്ട് വാഗ്ദാനം ചെയ്യുകയായിരുന്നു, 125-ാം സൂക്തത്തിലൂടെ. ഇവിടെ പറയുന്നത് ആയിരം മലക്കുകളെ സഹായത്തിനയക്കുമെന്നാണ്. ഇതനുസരിച്ച് ബദ്റിൽ ആയിരവും ഉഹുദിൽ അയ്യായിരവും മലക്കുകൾ ഇറങ്ങിയിട്ടുണ്ട്. എന്നാൽ ഇതെല്ലാം ബദ്റിൽതന്നെയാണെന്ന് അഭിപ്രായമുള്ളവരും ഉണ്ട്. ആയിരം ബദ്റിലും മൂവായിരം ഉഹുദിലും അയ്യായിരം മറ്റേതെങ്കിലും സംഭവത്തിലുമായിക്കൂടായ്കയില്ല എന്നാണ് മറ്റു ചിലരുടെ വീക്ഷണം. ഈ അഭിപ്രായങ്ങളെയെല്ലാം സാധൂകരിക്കുന്നതാണ് ഇതുസംബന്ധിച്ച നിവേദനങ്ങളിലെയും ഖുർആൻ സൂക്തങ്ങളിലെയും വാക്കുകൾ. സൂറഃ *ആലുഇംറാനി*ലെന്നപോലെ ഇവിടെയും സഹായവും വിജയവും **-نصر-** എപ്പോഴുണ്ടായാലും അല്ലാഹുവിങ്കൽനിന്നുണ്ടാകുന്നതാണ് എന്ന് എടുത്തു പറഞ്ഞത് ശ്രദ്ധേയമാകുന്നു. وَمَا ٱلنَّصْرُ... എന്നുതുടങ്ങുന്ന വാക്യത്തെ 'വിജയവും സഹായവും അല്ലാഹുവിങ്കൽനിന്ന് മാത്രമുള്ളതാകുന്നു' എന്നും തർജമ ചെയ്യാവുന്നതാണ്. അല്ലാഹുവിന്റെ ഇഛകൾ നടപ്പിലാക്കാൻ ചുമതലപ്പെട്ടവരാണ് മലക്കുകൾ. വിജയവും സഹായവും ലഭിക്കുന്ന സന്ദർഭങ്ങളിലൊക്കെ മലക്കുകളിലൂടെയാണത് ലഭിക്കുന്നത്. ബദ്റിലും ഉഹുദിലും മാത്രമല്ല പ്രവാചകന്റെ കാലത്തും അദ്ദേഹത്തിന്റെ വിയോഗത്തിനു ശേഷവും നടന്ന മറ്റു യുദ്ധങ്ങളിലും അതങ്ങനെത്തന്നെയായിരുന്നു. വിശ്വാസികളെ സഹായിക്കുക എന്നത് അല്ലാഹു സ്വന്തം ബാധ്യതയായി ഏറ്റെടുത്തിട്ടുള്ളതാണ് وَكَانَ حَقًّا عَلَيْنَا نَصْرُ ٱلْمُؤْمِنِينَ (സത്യവിശ്വാസികളെ സഹായിക്കുക നമ്മുടെ ബാധ്യതയായിരിക്കുന്നു - 30:47). ബദ്റിലും ഉഹുദിലുമൊക്കെ ദിവ്യബോധനം ലഭിച്ചുകൊണ്ടിരിക്കുന്ന പ്രവാചകന്റെ സാന്നിധ്യമുണ്ടായിരുന്നു. അതുകൊണ്ട് അല്ലാഹു തന്റെ സഹായത്തെക്കുറിച്ച് അപ്പപ്പോൾ അദ്ദേഹത്തെ അറിയിച്ചിരുന്നു. പ്രവാചകന്റെ അസാന്നിധ്യത്തിൽ വിശ്വാസികൾ നടത്തുന്ന യുദ്ധങ്ങളിൽ അല്ലാഹുവിന്റെ സഹായമില്ല എന്ന് അതിനർഥമില്ല. അല്ലാഹു അവന്റെ വാഗ്ദാനം ഒരിക്കലും ലംഘിക്കുകയില്ല. എന്നാൽ അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ചില ഉപാധികളുണ്ട്. *ആലുഇംറാൻ* 125-ാം സൂക്തത്തിൽ ആ ഉപാധികൾ വ്യക്തമാക്കിയിട്ടുണ്ട്:

بَلَىٰٓ ۚ إِن تَصْبِرُوا۟ وَتَتَّقُوا۟ وَيَأْتُوكُم مِّن فَوْرِهِمْ هَـٰذَا يُمْدِدْكُمْ رَبُّكُم بِخَمْسَةِ ءَالَـٰفٍ مِّنَ ٱلْمَلَـٰٓئِكَةِ مُسَوِّمِينَ ﴿١٢٥﴾

(തീർച്ചയായും നിങ്ങൾ സഹനസമരമവലംബിക്കുകയും ദൈവഭക്തിയോടെ പ്രവർത്തിക്കുകയുമാണെങ്കിൽ ശത്രുക്കളുടെ ആക്രമണമുണ്ടാകുന്ന ക്ഷണത്തിൽതന്നെ നിങ്ങളുടെ നാഥൻ ഇതാ അടയാളമുള്ള അയ്യായിരം മലക്കുകളാൽ നിങ്ങളെ സഹായിക്കുന്നുണ്ട്). യുദ്ധത്തിലേർപ്പെടുന്നത് വിശ്വാസികളായതുകൊണ്ടുമാത്രം ദൈവസഹായം ലഭിക്കുകയില്ല. ആ യുദ്ധം ന്യായവും വിശ്വാസപ്രേരിതവുമായിരിക്കണം. മലക്കുകൾ വന്ന് യുദ്ധം ജയിച്ചുകൊള്ളും എന്നുകരുതി അലംഭാവവും അച്ചടക്കരാഹിത്യവും കാണിക്കുന്നവരെയും അവൻ സഹായിക്കുകയില്ല. ക്ഷമയോടെ, സ്ഥൈര്യത്തോടെ സർവശക്തിയുമുപയോഗിച്ച് പൊരുതാൻ തയാറാകണം. അതോടൊപ്പം അവരുടെ നടപടികൾ ദൈവഭക്തിക്കിണങ്ങുന്നതും അവന്റെ വിധിവിലക്കുകൾക്കനുസൃതവുമായിരിക്കണം. ഈ ഉപാധികൾ പൂർത്തിയാക്കാത്തവരെ സഹായിക്കാൻ അല്ലാഹു ബാധ്യതയേറ്റിട്ടില്ല. ബദ്റിൽ വിശ്വാസികൾക്ക് ഈ ഉപാധികൾ പൂർത്തീകരിക്കാനുള്ള സാഹചര്യവും അല്ലാഹു ഉണ്ടാക്കിക്കൊടുത്തതായി അടുത്ത സൂക്തത്തിൽ പറയുന്നുണ്ട്. ഉഹുദ് യുദ്ധത്തിൽ ഈ ഉപാധികൾ പൂർത്തിയാക്കുന്നതിൽ മുസ്‌ലിംകൾ പരാജയപ്പെട്ടുവെന്നും അതിനാൽ അല്ലാഹു വാഗ്ദത്തം ചെയ്ത മലക്കുകളുടെ സഹായം അവർക്കു ലഭിക്കുകയുണ്ടായില്ലെന്നും അതുകൊണ്ടാണ് ആ യുദ്ധത്തിൽ മുസ്‌ലിംപക്ഷത്തിന് കനത്ത ക്ഷതമേറ്റതെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പിൽക്കാലത്ത് ഇസ്‌ലാമും കുഫ്റും തമ്മിലുണ്ടായ സംഘട്ടനങ്ങളുടെ ചരിത്രം വസ്തുനിഷ്ഠമായി പരിശോധിച്ചാൽ, എവിടെയെല്ലാം മുസ്‌ലിംകൾക്ക് പരാജയം ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ടോ അവിടെയൊന്നും അവർ ഈ ഉപാധികൾ പൂർത്തീകരിച്ചിരുന്നില്ല എന്നു കാണാവുന്നതാണ്.

وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ..... എന്ന വാക്യത്തിന്റെ താൽപര്യം, അല്ലാഹു ഇങ്ങനെ വാഗ്ദാനം ചെയ്തത് യഥാർഥത്തിൽ മലക്കുകളെ അയച്ച് നിങ്ങളെ സഹായിക്കാനായിരുന്നില്ല, മറിച്ച് നിങ്ങളിൽ ആത്മവിശ്വാസവും വീര്യവും വർധിക്കാനും ദൃഢചിത്തരായി രണാങ്കണത്തിലിറങ്ങാൻ പ്രേരിപ്പിക്കാനും മാത്രമായിരുന്നു എന്നാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അല്ലാഹു മലക്കുകളെ അയക്കാമെന്നു പറഞ്ഞ് വിശ്വാസികളെ പറ്റിക്കുകയായിരുന്നു- **نعوذ بالله** - എന്നും യുദ്ധം കഴിഞ്ഞപ്പോൾ അവൻ കള്ളിവെളിച്ചത്താക്കി എന്നുമാണ് ഇതിനർഥം. മലക്കുകളുടെ അവരോഹണവും യുദ്ധസഹായവും ഭൗതികാനുഭവങ്ങളോട് സമീകരിച്ച് സംവേദനം ചെയ്യാൻ ശ്രമിച്ചപ്പോഴുണ്ടായ പ്രയാസമാകാം ഈ വ്യാഖ്യാനത്തിന്റെ പ്രചോദനം. എന്നാൽ അത് അഭൗതികമായ കാര്യങ്ങളാണ്. അഭൗതിക കാര്യങ്ങൾ ഭൗതികമായ വിഭാവനകൾക്കതീതമാണ്. ജയിക്കാൻ യാതൊരു സാധ്യതയുമില്ലാത്ത സംഘട്ടനത്തിൽ അത്ഭുതകരമായ മഹാവിജയം നേടി എന്നതുതന്നെ, അതിൽ ദൈവിക സഹായം ലഭിച്ചിട്ടുണ്ട് എന്നതിനു വ്യക്തമായ തെളിവാകുന്നു. ഖുർആനിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചേടത്തോളം അത് മലക്കുകളിലൂടെ തന്നെയാണ്. അവർ എങ്ങനെയാണ് പ്രവർത്തിച്ചത് എന്ന് തുടർന്ന് വരുന്ന 12-ാം സൂക്തത്തിൽ പറയുന്നുണ്ട്.

**11:** يُغَشِّيكُمُ , وَيُنَزِّلُ എന്നിവ വർത്തമാനകാല ക്രിയകളാണ്. ഇവിടെ അതുകൊണ്ട് കുറിക്കുന്നത് ഭൂതകാല ക്രിയകളെയാണ്. യുദ്ധത്തിന്റെ തലേ രാത്രിയിലെ അനുഭവത്തെ കൺമുമ്പിലുള്ള വർത്തമാന സംഭവം പോലെ ചിത്രീകരിക്കുകയാണിവിടെ. ബദ്ർ യോദ്ധാക്കൾക്ക് അല്ലാഹു ചെയ്തുകൊടുത്ത മറ്റൊരു സഹായമായിരുന്നു ആ അനുഭവങ്ങൾ. പിറ്റേന്ന് കാലത്ത് ഏറ്റുമുട്ടാൻ പോകുന്ന ശത്രുവിന്റെ മഹാബലത്തെയും സ്വന്തം ബലഹീനതയെയും കുറിച്ച് നല്ല ബോധമുള്ള മുസ്‌ലിംകൾക്ക് സാധാരണഗതിയിൽ ആ രാത്രി ഉറങ്ങാൻ സാധിക്കുകയില്ലായിരുന്നു. അങ്ങനെ അവർ പുലരുമ്പോഴേക്കും കൂടുതൽ ക്ഷീണിതരും ഭയവിഹ്വലരുമായിത്തീരേണ്ടതായിരുന്നു. പടയാളികൾ ശത്രുക്കളുമായി ഏറ്റുമുട്ടുന്നതിനു തൊട്ടുമുമ്പുള്ള സമയം കായികമായും മാനസികമായും സ്വസ്ഥരായിരിക്കേണ്ടത് വളരെ പ്രധാനമാണ്. യുദ്ധകാലത്ത് ശത്രുപക്ഷത്തെ രാത്രി ഉറങ്ങാനനുവദിക്കാതിരിക്കുക പണ്ടുകാലത്ത് സാധാരണ അവലംബിക്കപ്പെടാറുള്ള യുദ്ധതന്ത്രമാണ്. ശത്രുക്കൾ ഇടപെട്ടില്ലെങ്കിലും സ്വന്തം സാഹചര്യങ്ങളാൽ തന്നെ ഉറങ്ങാനാവാത്ത അവസ്ഥയിലായിരുന്നു മുസ്‌ലിംകൾ. എന്നിട്ടും അവർ ഉറങ്ങി. അല്ലാഹു അവരെ ഉറക്കുകയായിരുന്നു. مِّنْهُ -അവങ്കൽനിന്നുള്ള- എന്ന മൂലപദം അതു പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. ഗാഢനിദ്രയിൽ ലയിക്കുന്നതിനു മുമ്പുള്ള അവസ്ഥ -മയക്കം- ആണ് **نعاس** . ഏതു നിമിഷവും തങ്ങൾ ആക്രമിക്കപ്പെടാം എന്ന അവസ്ഥയിലുള്ള ഭടന്മാർക്ക് ഗാഢനിദ്ര അപകടകരമാണ്. അല്ലാഹു കനിഞ്ഞരുളിയ ഈ മയക്കം

വിട്ടുണർന്നപ്പോൾ അവർ കായികമായി കൂടുതൽ ദൃഢരും മാനസികമായി ഉത്തേജിതരും ഊറ്റമുള്ളവരുമായിത്തീർന്നു.

ഈ മയക്കമുണ്ടായത് യുദ്ധം നടക്കുന്നതിനിടയിലാണെന്ന് ചിലയാളുകൾ പറയുന്നുണ്ട്. സാമാന്യയുക്തിക്കും ഖുർആൻ സൂക്തത്തിലെ പദങ്ങൾക്കും നിരക്കുന്നതല്ല ആ വ്യാഖ്യാനം. യുദ്ധത്തിനിടയിൽ സൈന്യത്തിനുമുമ്പിൽ വെച്ച് എതിർപക്ഷത്തെ സൈന്യം ഉറങ്ങിപ്പോയാൽ എന്താണുണ്ടാവുക എന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതും, കൈകളിൽനിന്ന് വാളുകൾ വീണുപോകുംവണ്ണം ഉറങ്ങി എന്നാണ് ചില നിവേദനങ്ങളിൽ പറയുന്നത്. എങ്കിൽ അത്, അല്ലാഹു മുസ്‌ലിംകൾക്കു നൽകിയ സഹായമല്ല; ശത്രുക്കൾക്ക് നൽകിയ സഹായമായിത്തീരുമായിരുന്നു. നിദ്രയെ തുടർന്ന് പരാമർശിക്കുന്നത് മഴയെയാണ്: وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً ബദ്ർ യുദ്ധം നടക്കുമ്പോൾ മഴ പെയ്തതായി ആരും പറയുന്നില്ല. യുദ്ധത്തിന്റെ തലേന്ന് രാത്രിയാണ് മഴയുണ്ടായത്. ഭടന്മാരുടെ മയക്കത്തിനു ശേഷമായിരുന്നുവോ മുമ്പായിരുന്നുവോ മഴ എന്നേ തർക്കമുള്ളൂ. ഈ ദൈവികസഹായം മുസ്‌ലിംകൾക്ക് രണ്ടുതരത്തിൽ പ്രയോജനപ്പെട്ടു. ഒന്ന്, കുടിനീരിന്റെ ലഭ്യത ഉറപ്പായി. അതിനേക്കാൾ പ്രധാനമായി ഖുർആൻ എടുത്തുപറയുന്നത് لِّيُطَهِّرَكُم بِهِۦ وَيُذْهِبَ عَنكُمْ رِجْزَ ٱلشَّيْطَٰنِ -നിങ്ങളെ ശുദ്ധീകരിക്കാനും പൈശാചിക ദുഷ്ടുകൾ നിങ്ങളിൽനിന്ന് പോക്കിക്കളയാനും- എന്നാണ്. വെള്ളത്തിന്റെ ഉപയോഗത്തിൽ ദാഹശമനം പോലെ, അല്ല അതിലധികം പ്രധാനമാണ് ശുദ്ധീകരണവും ശുചീകരണവും എന്നാണിതിൽനിന്ന് വ്യക്തമാവുന്നത്. ശുചിത്വത്തിന് ഖുർആൻ കൽപിക്കുന്ന പ്രാധാന്യവും ഇവിടെ വ്യക്തമാകുന്നു.

رِجْزَ ٱلشَّيْطَٰنِ -പൈശാചിക ദുഷ്ട്- എന്നതിന്റെ താൽപര്യം നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് ഇതാണ്: ലഘുനിദ്രക്കിടയിൽ ഭടന്മാരിൽ പലർക്കും ചെറുതും വലുതുമായ അശുദ്ധികളുണ്ടായി. എല്ലാവരും യാത്രയിൽ മുഷിയുകയും ചെയ്തിരുന്നു. അശുദ്ധികളുണ്ടായവർക്ക് വുദൂവും കുളിയും വലിയ പ്രശ്നമായിരുന്നു. അവരുടെ കൈവശം ആവശ്യത്തിനുള്ള വെള്ളമുണ്ടായിരുന്നില്ല. വുദൂഉം കുളിയുമില്ലാതെ അശുദ്ധരായ അവസ്ഥയിൽ നമസ്കരിക്കുകയും നാളെ യുദ്ധത്തിലേർപ്പെടുകയും ചെയ്യുന്നതിനെക്കുറിച്ച് ചെകുത്താൻ പലതരം സന്ദേഹങ്ങൾ അവരിലുളവാക്കി. അതാണ് رِجْزَ ٱلشَّيْطَٰنِ. കുടിനീരിന്റെ അഭാവത്തെക്കുറിച്ച് ചെകുത്താൻ അവരെ ആശങ്കാകുലരാക്കിയതിനെയാണ് رِجْزَ ٱلشَّيْطَٰنِ സൂചിപ്പിക്കുന്നതെന്നും ഒരഭിപ്രായമുണ്ട്. رِجْزَ ٱلشَّيْطَٰنِ കൊണ്ട് സൂചിപ്പിക്കുന്നത് അവർക്ക് സംഭവിച്ച ചെറുതും വലുതുമായ അശുദ്ധികളും ശരീരത്തിൽ പറ്റിയ അഴുക്കുകളുമായിക്കൂടെന്നുമില്ല. മഴ വർഷിച്ചതിന്റെ കാരണം ഇമാം ത്വബരി, ഇബ്നു അബ്ബാസിൽനിന്ന് ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്: "ബദ്റിലെ ജലാശയത്തിനടുത്ത് മുസ്‌ലിംകളേക്കാൾ മുമ്പ് മുശ്‌രിക്കുകൾ എത്തിയിരുന്നു. അതിനാൽ മുസ്‌ലിംകൾ കുടിവെള്ളമില്ലാതെ ദാഹിച്ചു. അവർക്ക് ജനാബത്തുകാരായും വുദൂവില്ലാതെയും നമസ്കരിക്കേണ്ടതായും വന്നു. കുഴയുന്ന മണലിലൂടെയാണവർ സഞ്ചരിച്ചിരുന്നത്. ഈ സന്ദർഭത്തിൽ ചെകുത്താൻ അവരുടെ മനസ്സുകളിൽ ആധിയുണർത്തി. അവൻ പറഞ്ഞു: 'നിങ്ങളിൽ ഒരു പ്രവാചകനുണ്ടെന്നും നിങ്ങളൊക്കെ ദൈവത്തിന്റെ ഉറ്റവരാണെന്നുമാണല്ലോ പറയുന്നത്. എന്നിട്ട് നിങ്ങൾ ജനാബത്തുകാരായും അംഗശുദ്ധിയില്ലാത്തവരായും നമസ്കരിക്കുകയോ?!' അപ്പോൾ അല്ലാഹു മാനത്തുനിന്ന് മഴവർഷിച്ചു. താഴ്‌വരയിൽ അവർക്കിടയിലൂടെ വെള്ളമൊഴുക്കി. അവർ ദാഹം തീർത്തു. ശുദ്ധീകരിച്ചു. മണൽ നനഞ്ഞുറച്ചപ്പോൾ അവരുടെ പാദങ്ങളും ഉറച്ചു (നടത്തം സുഗമമായി). അവരുടെ സന്ദേഹങ്ങളും ആശങ്കകളും അകന്നുപോയി." **ربط**-ക്ക് കെട്ടി, ശക്തിപ്പെടുത്തി, ചേർത്തു, കൊളുത്തി എന്നെല്ലാം അർഥമുണ്ട്. **ربط على قلبه** എന്നാൽ മനസ്സിനെ ദൃഢീകരിച്ചു; നിശ്ചയദാർഢ്യമുള്ളതാക്കി എന്നർഥം. ഹൃദയങ്ങളെ ദൃഢീകരിക്കാനും അതുവഴി പാദങ്ങളെ ഉറപ്പിച്ചു നിർത്താനും- وَلِيَرْبِطَ عَلَىٰ قُلُوبِكُمْ وَيُثَبِّتَ بِهِ ٱلْأَقْدَامَ - എന്നു പറഞ്ഞത് മഴവർഷിച്ചതുമായി ബന്ധിപ്പിച്ചുകൊണ്ടാണെന്നാണ് പൊതുവിൽ മനസ്സിലാക്കപ്പെട്ടിട്ടുള്ളത്. അതായത് മഴ വർഷിച്ച് അന്തരീക്ഷവും ശരീരവും കുളിർത്തപ്പോൾ അവർ ദൃഢചിത്തരായി. കാലുകൾ പൂഴ്ന്നുപോകുന്ന വരണ്ട മണൽ നനഞ്ഞുറച്ചപ്പോൾ ഉറച്ച കാൽവെപ്പുകളോടെ നടക്കാൻ സാധിച്ചു. ചില വ്യാഖ്യാതാക്കൾ بِهِۦ -അതുവഴി- എന്നതിലെ 'അതി'നെ **نعاس** നോടാണ് ബന്ധിച്ചിരിക്കുന്നത്. ഒന്നു മയങ്ങിയുണർന്നപ്പോൾ അവർ ദൃഢചിത്തരാവുകയും ഉറച്ച കാൽവെപ്പുകളോടെ മുന്നോട്ടു പോവുകയും ചെയ്തു. സർവ നാമങ്ങൾ സാധാരണ തൊട്ടടുത്തുള്ള നാമങ്ങളെയാണ് സൂചിപ്പിക്കുക എന്നതാണ് ആദ്യത്തെ വ്യാഖ്യാനത്തിന്റെ ന്യായം. നവോന്മേഷവും ദൃഢചിത്തതയും ഉറച്ച നിലപാടുമൊക്കെ ഉറങ്ങിയുണർന്നവരിലുണ്ടാകുന്നതാണെന്നാണ് രണ്ടാമത്തെ വ്യാഖ്യാനക്കാരുടെ വാദം. അതിനെ ആദ്യം أَمَنَةً -സമാധാനം- എന്ന് മൊത്തത്തിൽ പറഞ്ഞശേഷം ഒടുവിൽ ഈ വാക്കുകളിൽ വിശദീകരിച്ചിരിക്കുകയാണ്. സൂക്തത്തിന്റെ പദങ്ങൾ രണ്ടു വ്യാഖ്യാനത്തെയും സാധൂകരിക്കുന്നുണ്ട്. ■